പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6047 — 28.10.2011-ൽ മറുപടിയ്ക്ക്

**<u>പാക്കേജ്ഡ് കമ്മോഡിറ്റീസ് ചട്ടങ്ങൾ</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) പാക്കേജ്ഡ് കമ്മോഡിറ്റീസ് ചട്ടങ്ങൾ ഫലപ്രദമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) പാക്കേജ്ഡ് കമ്മോഡിറ്റീസ് ചട്ടങ്ങൾ ഫലപ്രദമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താൻ വ്യാപാര സ്ഥാപനങ്ങളിൽ ലീഗൽ മെട്രോളജി വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥർ സാധാരണ പരിശോധനകൾക്ക് പുറമെ മിന്നൽ പരിശോധനകളും നടത്തുന്നു. |
| (ബി) പ്രസ്തുത ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (ബി) പാക്കേജ്ഡ് കമ്മോഡിറ്റീസ് ചട്ടങ്ങളുടെ ലംഘനങ്ങളുടെ പേരിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം ആകെ 325 കേസുകൾ ലീഗൽ മെട്രോളജി വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് . സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | പൊതുജനങ്ങളുടെ പരാതികൾ സ്വീകരിച്ച് നടപടി സ്വീകരിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിന്റെ എല്ലാ ആഫീസുകളിലും പരാതി സെൽ പ്രവർത്തിക്കുന്നു. ടി പരാതി സെല്ലുകളിൽ കിട്ടുന്ന പരാതികൾ രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ അന്വേഷിക്കുകയും, ക്രമക്കേട് കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ പരാതിയിന്മേൽ സ്വീകരിച്ച നടപടി വിവരങ്ങൾ വിലാസം ലഭ്യമാണെങ്കിൽ പരാതിക്കാരനെ അറിയിക്കുന്നു. പരാതികൾ പരിഹരിക്കുന്നതിന്റെ ഭാഗമായി സാധാരണ പരിശോധനകൾക്ക് പുറമെ മിന്നൽ പരിശോധനകളും നടത്തുന്നു. കൂടാതെ പരാതികൾ പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും മാത്രമായിട്ട് ലീഗൽ മെട്രോളജി വകുപ്പിൽ സംസ്ഥാനത്തൊട്ടാകെ പതിനൊന്ന് ഫ്ലയിംഗ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ